പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5691 18.11.2019 ൽ മറുപടിയ്ക്ക്

# ഭിന്നശേഷിക്കാർക്ക് സംവരണം

ചോദ്യം മറുപടി

ശ്രീ.വി.ടി.ബൽറാം

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സുപ്രീം കോടതിയുടെ വിധിന്യായം അനുസരിച്ച് സർക്കാർ സർവ്വീസിലെ ഓരോ തസ്തികയുടെയും കേഡർ സ്ട്രെങ്തിന് ആനുപാതികമായി ഭിന്നശേഷിക്കാർക്ക് തസ്തികകൾ സംവരണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ബഹു:സുപ്രീംകോടതിയുടെ 8.10.2013 ലെ 9096/2013 നമ്പർ വിധിന്യായം അനുസരിച്ച് സർക്കാർ സർവ്വീസിലെ ഓരോ തസ്തികയുടെയും കേഡർ സ്ട്രെങ്തിന് ആനുപാതികമായി ഭിന്നശേഷിക്കാർക്ക് തസ്തികകൾ സംവരണം ചെയ്യുന്നതിനായി ഓരോ തസ്തികയും ഭിന്നശേഷിക്കാർക്ക് അനുയോജ്യമാണോ യെന്ന് പരിശോധിച്ച് തസ്തികകൾ ഭിന്നശേഷിക്കാർക്കായി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേയ്ക്കായി 7.3.2008 തീയതിയിലെ സ.ഉ(പി) നം.21/2008/സാ.ക്ഷേ.വ നമ്പർ ഉത്തരവ് അംഗപരിമിതർക്ക് തൊഴിൽ സംവരണം ചെയ്യുന്നതിന് അനുയോജ്യമായ ക്ലാസ് 3, 4 തസ്തികകൾ കണ്ടെത്തുന്നതിനും G.O(P)No.24/2008/SWD dated 11.4.2008 പ്രകാരം ക്ലാസ് 1, ക്ലാസ് 2 തസ്തികകൾ കണ്ടെത്തുന്നതിനുമുള്ള വിദഗ്ധ സമിതി (Expert Committee) രൂപീകരിക്കുകയും ടി സമിതി നാളിതുവരെ ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി നിരവധി തസ്തികകൾ Persons with Disabilities(Equal Opportunities, Protection of Rights and Full Participation) Act, 1995 പ്രകാരം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എക്സ്പർട്ട് കമ്മിറ്റികൾ ഏകീകരിക്കുകയും The Rights of Persons with Disabilities Act 2016 നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 19.6.2018 തീയതിയിലെ സ.ഉ(അച്ചടി)നം.8/18/സാ.നീ.വ നമ്പർ |

| | |
|---|---|
| | ഉത്തരവ് പ്രകാരം കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു എക്സ്പർട്ട് കമ്മിറ്റിയായി പുനസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത് പ്രകാരം അംഗപരിമിതർക്ക് അനുയോജ്യമായി കണ്ടെത്തുന്ന തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഭിന്നശേഷിക്കാർക്ക് സംവരണം നടപ്പാക്കി വരുന്നു. |
| (ബി) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിൽ ഇത്തരത്തിൽ തസ്തികകൾ സംവരണം ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം വകുപ്പുകളിൽ ഇതുവരെയും സംവരണം ഏർപ്പെടുത്തിയിട്ടില്ലായെന്നും വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്ത് ഏകദേശം 104 സർക്കാർ വകുപ്പുകളിലും 15 പൊതുമേഖലാ സ്ഥാപനങ്ങളിലെയും വിവിധ തസ്തികകൾ ഭിന്നശേഷിക്കാർക്കായി കണ്ടെത്തിയിട്ടുണ്ട്. ടി വകുപ്പുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സംവരണം നടപ്പാക്കി വരുന്നു. ഭിന്നശേഷിക്കാർക്കായി തസ്തികകൾ കണ്ടെത്താത്ത സർക്കാർ വകുപ്പുകളുടെ വിവരം ക്രോഡീകരിച്ചിട്ടില്ല. എന്നാൽ നാളിതു വരെ ഭിന്നശേഷിക്കാർക്കായി അനുയോജ്യമായി കണ്ടെത്താത്ത എല്ലാ തസ്തികകളും കണ്ടെത്തുന്ന വിഷയം പരിശോധിക്കുന്നതിനായി തിരുവനന്തപുരം ആസ്ഥാനമായുള്ള National Institute for Speech and Hearing(NISH) സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട് പ്രകാരമുള്ള സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും ബാക്ക് ലോഗ് ഉണ്ടോയെന്നും പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) പ്രസ്തുത റിപ്പോർട്ട് അതേപടി സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ പൊതു ജനാഭിപ്രായം ലഭ്യമാക്കി പരിശോധിച്ച ശേഷം സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 17.10.2019 ന ചേർന്ന യോഗം അംഗീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

Jasmin Thomas

സെക്ഷൻ ഓഫീസർ